**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2679** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ പൊതു കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-മുതൽ സർക്കാർ എടുത്ത കടങ്ങൾ എത്രയാണെന്നും പ്രസ്തുത കടങ്ങളുടെ തിരിച്ചടവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; | (എ) | അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ (2021-22, 2022-23 ഒക്ടോബർ വരെയുള്ള താൽക്കാലിക കണക്കുകൾ ഉൾപ്പെടെ) സംസ്ഥാനം പൊതുകടയിനത്തിൽ എടുത്തിട്ടുള്ള വായ്പകളും (തനി), തിരിച്ചടവും (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

തുക കോടിയിൽ

| വർഷം | പൊതുകടം (തനി) | തിരിച്ചടവ് (തനി) |
|---|---|---|
| 2016-17 | 16151.89 | 7706.01 |
| 2017-18 | 17101.67 | 13132.10 |
| 2018-19 | 15249.92 | 18195.99 |
| 2019-20 | 16405.77 | 44001.28 |
| 2020-21 | 25041.51* | 38927.85 |
| 2021-22 | 20292.82* | 35899.99 |
| 2022-23 (upto octobe 31) | 5135.20 | 17516.36 |

*2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി ലഭിച്ച ജി.എസ്.ടി നഷ്ടപരിഹാര തുക ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

| | | | |
|---|---|---|---|
| (ബി) | സർക്കാർ എടുക്കുന്ന കടങ്ങൾ എന്തിനെല്ലാമാണ് വിനിയോഗിക്കുന്നത് എന്ന വിവരം ലഭ്യമാക്കുമോ? | (ബി) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ |

| | | | |
|---|---|---|---|
| | | | ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ